# ഫുഡ്സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം,
# തിരുവനന്തപുരം

**Ph : 0471-2322833, 2322844, Fax : 0471-2322855**
**Email : foodsafetykerala@gmail.com**
**Website : www.foodsafety.kerala.gov.in**


---

## പത്രകുറിപ്പ്

സംസ്ഥാന വ്യാപകമായി ഹോട്ടലുകൾ/ഭക്ഷണശാലകൾ പരിശോധിച്ചതിനുപുറമേ തിരുവനന്തപുരം ജില്ലയിൽ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നാല് പ്രത്യേക സ്ക്വാഡുകൾ നെയ്യാറ്റിൻകര, ബാലരാമപുരം, കോവളം, നെടുമങ്ങാട്, വെഞ്ഞാറമൂട്, ആറ്റിങ്ങൽ, ചിറയിൻകീഴ്, വർക്കല എന്നിവിടങ്ങളിലെ വിവിധ ഹോട്ടലുകളും, ഭക്ഷണശാലകളും പരിശോധിച്ചു. പരിശോധനയിൽ നിശ്ചിത ഗുണനിലവാരമില്ലാതെ മാലിന്യം നിറഞ്ഞതും വൃത്തിഹീനവുമായ സാഹചര്യത്തിൽ പ്രവർത്തിച്ചുവന്നിരുന്ന 11 ഹോട്ടലുകൾ തിരുവനന്തപുരം ജില്ലയിൽ പൂട്ടിയിട്ടുണ്ട്. ഇവർക്ക് നിയമാനുസൃത നോട്ടീസും നൽകിയിട്ടുണ്ട്. കൂടാതെ 53 ഹോട്ടലുകൾ പരിശോധിക്കുകയും 35 ഹോട്ടലുകൾക്ക് ഇംപ്രൂവ്മെന്റ് നോട്ടീസ് നൽകുകയും ചെയ്തു. 6 ഹോട്ടലുകൾക്കെതിരെ കോമ്പൗണ്ടിംഗ് നടത്തി പിഴ ഇനത്തിൽ 26,500/- രൂപ അടപ്പിച്ചിട്ടുണ്ട്.

ഇതിനുപുറമെ സംസ്ഥാനത്ത് ഇന്ന് വിവിധ ജില്ലകളിൽ 61 ഹോട്ടലുകൾ പരിശോധിക്കുകയും 49 ഹോട്ടലുകൾക്ക് ഇംപ്രൂവ്മെന്റ് നോട്ടീസ് നൽകുകയും 9 ഹോട്ടലുകൾ അടപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഇതേവരെ സംസ്ഥാനത്ത് 625 ഹോട്ടലുകൾ പരിശോധിക്കുകയും 35 ഹോട്ടലുകൾ പൂട്ടുകയും 345 ഹോട്ടലുകൾക്ക് ഇംപ്രൂവ്മെന്റ് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ഈ പരിശോധനകൾ ഇനിയും തുടരുമെന്ന് ഭക്ഷ്യസുരക്ഷാ കമ്മീഷണർ അറിയിച്ചു.

**തീയതി : 20.07.2012** **(ഫുഡ് സേഫ്റ്റി കമ്മീഷണർ)**